# അക്കാദമിക

# മാസ്റ്റർ പ്ലാൻ

എം. റ്റി. എൽ. പി. എസ്

പെരുമ്പെട്ടി

2025- 26

# അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : എം. റ്റി. എൽ. പി. സ്കൂൾ, പെരുമ്പെട്ടി.
2. വിലാസം : പെരുമ്പെട്ടി. പി. ഒ, പെരുമ്പെട്ടി. 689592
3. സ്കൂൾ കോഡ് : 37626
4. വിദ്യാഭ്യാസ ഉപജില്ല : വെണ്ണിക്കുളം
5. വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട
6. റവന്യൂ ജില്ല : പത്തനംതിട്ട
7. ബി. ആർ. സി : തെള്ളിയൂർ
8. ഗ്രാമ പഞ്ചായത്ത് : കൊറ്റനാട്
9. ബ്ലോക്ക് പഞ്ചായത്ത് : മല്ലപ്പള്ളി
10. ജില്ലാ പഞ്ചായത്ത് : പത്തനംതിട്ട
11. നിയമസഭാ മണ്ഡലം : റാന്നി.
12. ലോകസഭാ മണ്ഡലം : പത്തനംതിട്ട
13. താലൂക്ക് : മല്ലപ്പള്ളി
14. വില്ലേജ് : പെരുമ്പെട്ടി

# ആമുഖം

കാലത്തിന്റെയും ദേശത്തിന്റെയും മാറി വരുന്ന അഭിരുചികൾക്കും ആവശ്യങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്. സ്വയം ചിന്തിക്കാനും പ്രവർത്തിക്കാനും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുമുള്ള കഴിവ് വികസിപ്പിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഇന്നത്തെ പാഠ്യപദ്ധതി ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമാണ്. ഈ മാറ്റം കുട്ടിക്ക് സ്വയം പഠനത്തിനുള്ള അവസരമൊരുക്കുന്നു.

കഴിഞ്ഞ 108 വർഷങ്ങളിലായി ഈ ദേശത്തെ അനേകായിരങ്ങൾക്ക് വിദ്യ പകർന്ന് കൊടുക്കാൻ അത്യാൽ MTLP സ്കൂളിന് സാധിച്ചു. മർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള ഈ വിദ്യാലയം 1915 ജൂൺ മാസത്തിൽ പ്രവർത്തനം ആരംഭിച്ചു.

പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്ന് കൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം.

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തും.
- സമഗ്ര ഗുണമേന്മ പദ്ധതിയിലൂന്നിയ വിദ്യാഭ്യാസം വിഭാവനം ചെയ്യും
- പഠനത്തിൽ ഓരോ കുട്ടിയുടെയും പൊതുവായതും വ്യക്തിഗതവുമായ ആവശ്യങ്ങൾ മനസിലാക്കി അതനുസരിച്ച് പഠന രീതികൾ ആവിഷ്കരിക്കും.
- രക്ഷകർതൃ വിദ്യാഭ്യാസം ഉറപ്പുവരുത്തും.
- പഠന മികവിന് ഒപ്പം കുട്ടികളുടെ മറ്റ് ശേഷികൾ ഉറപ്പു വരുത്തും. വിലയിരുത്തും.
- എല്ലാ കുട്ടികൾക്കും ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള, കഴിവ് ഉറപ്പു വരുത്തും.
- കുട്ടികളുടെ സർഗപരവും അക്കാദമികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കും
- ക്ലാസ് മുറിയെ ഒരു കൊച്ചു വായനശാല എന്ന രീതിയിൽ പ്രോത്സാഹിപ്പിക്കും.

# മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഇംഗ്ലീഷ് അസംബ്ലി | • കെട്ടിട നവീകരണം | • കോർണർ പി.ടി.എ. |
| • ഇംഗ്ലീഷ് തിയറ്റർ | • ലൈബ്രറി. | • പൂർവ്വാധ്യാപക സംഗമം. |
| • ഇംഗ്ലീഷ് കോർണർ | | |
| • ഇംഗ്ലീഷ് പദപ്രശ്നം | | |
| • ഗണിത പഠനം | | |
| • ഗണിത മാഗസിൻ | | |
| • ഗണിത പസിൽ | | |
| • ഗണിത കളികൾ | | |
| • ഉല്ലാസ ഗണിതം. | | |
| • സർഗാത്മക രചനകൾ. | | |
| • ലഘുപതിപ്പ് | | |
| • പത്രവാർത്ത | | |
| • പ്രസംഗം. | | |
| • വായനാക്കുറി | | |
| • ഭക്ഷ്യമേള. | | |
| • പിന്തുണാപ്രവർത്തനം. | | |

# ഭാഷാവികസന ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയ വിനിമയശേഷി നേടി എന്നുറപ്പുവരുത്തുക
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

# മലയാളം/ പഠനപിന്നാക്കാവസ്ഥ

**പ്രവർത്തനം: 1**

പേര്: പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. പുസ്തകവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ക്ലാസ് ടീച്ചർ | 1000 |

**പ്രവർത്തനം: 2**

പേര്: എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും, ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 5000 |

## പ്രവർത്തനം : 3

പേര്: ഉച്ചഭാഷിണി വായന

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം : 4

പേര്: ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം: 5

പേര്: ക്ലാസ്സ്തല പതിപ്പുകൾ

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ ചേർത്തുകൊണ്ട് ക്ലാസ്തലപതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1500 |

പ്രവർത്തനം: 6

പേര്: എന്റെ വായനാക്കുറിപ്പുകൾ

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

## പ്രവർത്തനം : 9

പേര് : സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാ കാർഡ്) വായനാ കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

## പ്രവർത്തനം : 10

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക.

ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ആശയവിനിമയശേഷി കൈവരിക്കൽ | പഠനപിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | ആമിന വിനിത A.K അദ്ധ്യാപിക | 3000 |

# ഗണിതം

## ലക്ഷ്യങ്ങൾ

അടിസ്ഥാന ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക.

ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി ഉറപ്പുവരുത്തുക.

ഗണിത ചിന്ത, യുക്തി ചിന്ത. എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

### പ്രവർത്തനം 1

ഗണിത മധുരം

ഉപമേഖല : ഗണിത കേളികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | ഒരു വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2.

പേര് : ഗണിതമൂല

ഉപമേഖല : ഗണിത കേളികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ഒരുക്കൽ. (മഞ്ചാടി, കളിനോട്ട്, കാർഡുകൾ തുടങ്ങിയവ) | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 4.

പേര് : യൂണിറ്റ് വിലയിരുത്തൽ.

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട അടിസ്ഥാനമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തൽ | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ. | |

## പ്രവർത്തനം : 4.

**പേര് : ഗണിത ക്ലാസ് . പി.ടി.എ.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷി ഉറപ്പാക്കൽ. | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകി പിന്തുണ സംവിധാനം ഉറപ്പാക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം 5.

**പേര് : ഗണിത മധുരം**

**ഉപമേഖല : ഗണിത കേളി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ. നടപ്പിലാക്കൽ. | ജൂൺ - ജനുവരി | ക്ലാസ് ടീച്ചർ | |

# അക്കാദമിക പ്രവർത്തനങ്ങൾ

പ്രവർത്തനം 1.

പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് അസംബ്ലി.

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസനം. | ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ ബുധനാഴ്ച ദിവസം 2, 3, 4 ക്ലാസിലെ കുട്ടികൾ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ. | |
| വായന പരിപോഷിപ്പിക്കൽ | സ്കൂൾ ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ ഇവ ഉൾക്കൊള്ളിച്ച് വായനാ കുറിപ്പ് തയ്യാറാക്കൽ. | ആഴ്ചയിൽ ഒരു ദിവസം. | | |

## പ്രവർത്തനം 2

### ഇംഗ്ലീഷ് തിയറ്റർ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം, സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ | മാസത്തിൽ ഒരിക്കൽ. | ഇംഗ്ലീഷ് ടീച്ചർ. | |

## പ്രവർത്തനം 3

### ഇംഗ്ലീഷ് ഡയറി.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ കുറിപ്പായി എഴുതുക. | ആഴ്ചയിൽ ഒരു ദിവസം. | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് - ഗ്രാമർ സ്കൂൾ.

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം.

| ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിയുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് വ്യാകരണത്തിന് നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ. | ജൂൺ മുതൽ മാർച്ച് വരെ | SRG | |

പ്രവർത്തനം : 4.

പ്രവർത്തനത്തിന്റെ പേര് - പദപ്രശ്ന നിർമ്മാണം

ഉപമേഖല - ഇംഗ്ലീഷ് പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നു. | മാസത്തിലൊരിക്കൽ | SRG. | |

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് കോർണർ.

പ്രവർത്തനം : 5

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ. | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കുന്നു. | പ്രതിമാസ പരിപാടി. | SRG. | |

പ്രവർത്തനത്തിന്റെ പേര് - ഹലോ ഇംഗ്ലീഷ്.

പ്രവർത്തനം: 6.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കഴിവ് നേടൽ. | ആഴ്ചയിൽ ഒരു ദിവസം ഉച്ചസമയത്ത് 2, 3, 4 ക്ലാസിലെ കുട്ടികളെ ഒരുമിച്ചിരുത്തി ഇംഗ്ലീഷ് ലഘു പുസ്തകങ്ങൾ നൽകി വായനയെ പ്രോത്സാഹിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം. | SRG. | |

# പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

# പരിസര പഠനം

## പ്രവർത്തനം: 1

പേര്: ശാസ്ത്ര പഠനോപകരണ ശില്പശാല

ഉപമേഖല: പഠന ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 4000 |

## പ്രവർത്തനം: 2

പേര്: എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)

ഉപമേഖല: ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാകുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 3

പേര്: പരീക്ഷണകിറ്റ്

ഉപമേഖല: നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | മാർച്ച് ഒന്ന് മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

# സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

# സാമൂഹികാവബോധം

**പ്രവർത്തനം: 1**

പേര്: അതിഥിയെ അറിയൽ

ഉപമേഖല: സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലബ്ധമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ. ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 2000 |

**പ്രവർത്തനം: 2**

പേര്: പ്രാദേശിക അറിവ്

ഉപമേഖല: നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക | നവംബർ | SSG | |

പ്രവർത്തനം : 3

പേര് : ഫീൽഡ് ട്രിപ്പ്

ഉപമേഖല: പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

# ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

# വിവര സാങ്കേതികവിദ്യ

**പ്രവർത്തനം : 1**

പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

മേഖല: അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ഒരുക്കൽ. പരിചയപ്പെടുത്തൽ<br>സ്വയം പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ | ഒരോ മാസത്തിലും | SITC | |

**പ്രവർത്തനം : 2**

പേര് : IT ലാബ്

മേഖല: കമ്പ്യൂട്ടർ വിജ്ഞാനം .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ / പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ- ആഗസ്റ്റ് | SITC | |

# ആരോഗ്യ - കായിക - വിദ്യാഭ്യാസം

പ്രവർത്തനം - 1

പേര് : കായികാരോഗ്യം

ഉപമേഖല : എയറോബിക്സ് എക്സർസൈസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | സൂംബ പരിശീലനം | ജൂൺ- മാർച്ച് | HM SRG |

പ്രവർത്തനം - 2

പേര് : ഹെൽത്ത് ചെക്കപ്പ്

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പുവരുത്തുന്നതിനായി ആദ്യ ടേർമിനാൽ ഹെൽത്ത് ചെക്കപ്പ് | ജൂൺ- ആഗസ്റ്റ് | HM |

പ്രവർത്തനം - 3

പേര് : കായിക വിദ്യാഭ്യാസം

ഉപമേഖല : എക്സർസൈസ്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | * ഫിസിക്കൽ എക്സർസൈസ്സ്<br>* ഗെയിംസ് | ജൂൺ - മാർച്ച് | HM<br>SRG |

# പ്രവൃത്തിപരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക

# കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാഭിരുചി വളർത്തുക
3. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
4. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക

# സർഗവേദി

## പ്രവർത്തനം: 1

പേര്: ടാലന്റ് ക്യാമ്പുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | SRG PTA | 3000 |